കൊട്ടിപ്പാലക്കടവിൽ ഒരു ബ്രിഡ്ജ്

1314 [2099] ശ്രീ. പി. കെ. ചാത്തൻമാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുളിമാത്തു പഞ്ചായത്തിൽ കൊട്ടിപ്പാലക്കടവിൽ ഒരു ബ്രിഡ്ജ് പണിയുന്നകാര്യം ഫയൽ 7788/സി4/77/ പി.ഡബ്ലിയു. ഡോറാഡ് 6.9.1978 പ്രകാരം നടപടിയിലിരുന്നത് ഇപ്പോൾ ഏതുഘട്ടത്തിലായിരിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഈ പാലം നിർമ്മിക്കേണ്ടത് ഒരു പഞ്ചായത്ത് റോഡിലാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകളിൽ പാലം പണിയുന്ന പദ്ധതിയനുസരിച്ച് ഈ പാലം പണിയുകയാണെങ്കിൽ ചെലവിന്റെ നിശ്ചിത വിഹിതം നൽകാമെന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. ഈ തുക അടച്ചു കഴിഞ്ഞ് ജോലി ഏറ്റെടുക്കുവാൻ ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

മരംകൊള്ള നടക്കുന്നുവെന്ന പത്രറിപ്പോർട്ടുകൾ

1315 [2102] ശ്രീ. പി. ശങ്കർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് താലൂക്കിൽ പയ്യനിടം, നെയ്യുള്ളിപ്പുറം, കുമരംപുത്തൂർ എന്നീ സ്ഥലങ്ങളിൽനിന്ന്, വനം ഉദ്യോഗസ്ഥൻമാരുടെ ഒത്താശയോടെ മരം കൊള്ള നടക്കുന്നുവെന്ന പത്രറിപ്പോർട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഉടനെ അന്വേഷിച്ചു നടപടി എടുക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കെൽട്രോൺ സ്ഥാപനങ്ങൾ

1316 [2105] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോൺ ആരംഭിച്ചിട്ട് എത്ര കാലമായി? ഏതെല്ലാം ജില്ലയിൽ കെൽട്രോൺ സ്ഥാപനങ്ങൾ ഉണ്ട്? അവ ഏതെല്ലാം;

(ബി) എത്ര തൊഴിലാളികൾ കെൽട്രോണിൽ ജീവനക്കാരായുണ്ട്;

(സി) കെൽട്രോണിന് എത്ര തുക മുടക്കുമുതലുണ്ട്; ഇതിനകം ആ സ്ഥാപനം എന്താദായം നേടി?

ഉത്തരം

(എ) അഞ്ചുവർഷവും 10 മാസവും കഴിഞ്ഞു. (ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്)‡

(ബി) 1069 പേർ.

‡ അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly